# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2101** 07.03.2017-ൽ മറുപടിക്ക്

**നൂറനാട് ലെപ്രസി സാനറ്റോറിയത്തിൽ പുതിയ കെട്ടിട സമുച്ചയം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
| എ) | നൂറനാട് ലെപ്രസി സാനറ്റോറിയത്തിൽ പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനും സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) & ബി) | നൂറനാട് ലെപ്രസി സാനറ്റോറിയത്തിൽ പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ജി.ഒ. (ആർ.ടി) 196/17/ആ.കു.വ തീയതി 27/01/2017 പ്രകാരം മൊത്തം സാമ്പത്തിക വകയിരുത്തലായ 4030 ലക്ഷം രൂപയിൽ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിനുള്ള ആകെ തുകയായ 2352.94 ലക്ഷം രൂപയിൽ 2000 ലക്ഷം രൂപ (85%) നബാർഡ് വിഹിതമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ള 352.94 ലക്ഷം രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. ടി തുക ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും മെയിൽ/ഫീമെയിൽ വാർഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ടി ആശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |
| ബി) | നബാർഡ് വഴി ലഭ്യമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ തുക ഉപയോഗിച്ച് നിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| സി) | എത്ര നാളുകൾക്കുള്ളിൽ ഈ കെട്ടിട നിർമ്മാണം ആരംഭിക്കാനാകും; ഇതിന് സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കുമോ? | സി) | സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് ആലപ്പുഴ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. സാങ്കേതികാനുമതി നൽകിയതിനുശേഷം പണി ഉടനടി ചെയ്യു കരാറുകാരനെ നിശ്ചയിച്ച് എഗ്രിമെന്റ് വെച്ചതിനുശേഷം മാത്രമേ പണി ആരംഭിക്കുന്നതിന് സാധിക്കുകയുള്ളു. നടപടി ക്രമങ്ങൾ പൂർത്തീയാക്കുന്നതിന് കുറഞ്ഞത് ഏകദേശം നാല് മാസം ആവശ്യമായി വരുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**